# *നാട്ടുപാത*

**(പ്രൊഫസ്സർ ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*)**

ആരതു വിഭാവനം ചെയ്തു?
ആരതിന്നടിത്തറ കോരി?
ആരാണു ചെങ്കല്ലു വിരിച്ചേ?
ആരുപിന്നെ കോൺക്രീറ്റു സ്ലേബു പാകി?
ഏതുപേർ  ഫലകത്തിൽ കൊത്തി?
ഏതാൾരൂപം പീഠത്തിൽ നിന്നു?
ഏതു ഭാഷയിൽ ലിഖിതം ചാർത്തി?

കാളവണ്ടിയും നാട്ടാരും
പല്ലുചക്രവും കുതിരക്കാലും
കൂറ്റൻച്ചക്രട്ടയറും ഉരുളവേ,
ഗർഭസ്ഥ ശിശുവിനെ പേരിട്ടൂട്ടും
വളർത്തച്ഛന്റെ ഞൊണ്ടിച്ചുവടുകൾ
മറവിൽ ഒളിഞ്ഞുനിന്നു
കണ്ടതോർത്തു
പേർത്തു ചിരിക്കുക!

സന്ദർഭകാണ്ഡ കർമ്മസ്വരം
മുറിച്ചടർത്തിയ
തത്ത്വശാസ്ത്രസംഹിത
സൌകര്യവേദാന്തമാക്കും
അധുനാതന കർമ്മസൂക്തം:

എന്റെ ജോലിക്കു മാസശമ്പളം
തന്റെ കണക്കിൽ ചേർക്കൽ
എത്ര മനോജ്ഞം, മനോഹരം!

എന്റെ താളിലെ മനനാക്ഷരങ്ങൾ
നിന്റെ "ചോർ"ത്തലിൻ വക്രോക്തിയിൽ
താരനിർണ്ണയം ഉദയനെന്നു
പടിഞ്ഞാറും പല്ലവിയാക്കും!
************************************************************